പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1006 — 11.07.2011 ലെ മറുപടിക്ക്

**<u>പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണം</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. വർക്കല കഹാർ | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി-ഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണം ഇതിനു മുമ്പ് എന്നാണ് നടപ്പിലാക്കിയത്; | എ) പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് 25.02.2011-ലെ സ.ഉ.(പി)നം.36/11/സഹ. നമ്പർ ഉത്തരവ് പ്രകാരം 01.04.2009 മുതൽ പ്രാബല്യത്തിൽ നടപ്പിലാക്കിയിട്ടുള്ള ശമ്പള പരിഷ്കരണത്തിനു മുമ്പ് സർക്കാരിന്റെ 23.08.2005-ലെ സ.ഉ.(പി) 220/05/സഹ. ഉത്തരവു പ്രകാരം 01.04.2004 മുതൽ പ്രാബല്യത്തിൽ ശമ്പള പരിഷ്കരണം നടപ്പിലാക്കിയിട്ടുണ്ട്. |
| ബി) പ്രാഥമിക കാർഷിക വികസന ബാങ്കിലെയും പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകളിലെയും ശമ്പള പരിഷ്കരണ ഉത്തരവുകൾ അവസാനമായി എന്നാണ് നടപ്പിലാക്കിയതെന്ന് വ്യക്തമാ ക്കുമോ; | ബി) പ്രാഥമിക സഹകരണ കാർഷിക വികസന ബാങ്കുകളിലെ ജീവനക്കാരുടെ ശമ്പളം സർക്കാരിന്റെ 26.02.2011-ലെ സ.ഉ.(കൈ) 38/11/സഹ. ഉത്തരവു പ്രകാരം 01.07.2008 മുതൽ പ്രാബല്യത്തിലും, പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകളിലെ ജീവനക്കാരുടെ ശമ്പളം സർക്കാരിന്റെ 25.02.2011-ലെ സ.ഉ.(പി)36/11/സഹ. ഉത്തരവു പ്രകാരം 01.04.2009 മുതൽ പ്രാബല്യത്തിലുമാണ് അവസാനമായി നടപ്പിലാക്കിയിട്ടുള്ളത്. |
| സി) പ്രസ്തുത ശമ്പള പരിഷ്കരണ ഉത്തരവുകൾ നടപ്പിലാക്കാത്ത പ്രാഥമിക സഹകരണ സംഘങ്ങൾ എത്രയെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ; | സി) പ്രസ്തുത ശമ്പള പരിഷ്കരണ ഉത്തരവുകൾ നടപ്പിലാക്കുന്നതിൽ നിന്നും ഒഴിവ് നൽകുന്നതിന് ജില്ലകളിൽ നിന്നും സംഘങ്ങളുടെ അപേക്ഷകൾ ലഭിച്ചിട്ടില്ലാത്ത തിനാൽ ഇതു സംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമല്ല. |
| ഡി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളിൽ ശമ്പള പരിഷ്കരണ ഉത്തരവുകൾ നടപ്പാക്കാതിരിക്കാൻ ഭരണ സമിതിക്ക് അധികാരം നൽകിയിട്ടുണ്ടോ; | ഡി) നൽകിയിട്ടില്ല. |
| ഇ) സർക്കാർ പ്രഖ്യാപിക്കുന്ന ഡി.എ. പ്രാഥമിക സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് നൽകുന്നുണ്ടോ? | ഇ) സർക്കാർ പ്രഖ്യാപിക്കുന്ന ഡി.എ. സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് പ്രത്യേക സർക്കാർ ഉത്തരവു പ്രകാരം നൽകുന്നുണ്ട്. |

Rajendran
സെക്ഷൻ ഓഫീസർ